**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 599** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കേരളത്തിലെ സഹകരണമേഖലയുടെ സംരക്ഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. വിജിൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കേന്ദ്ര നിയമങ്ങളിൽ നിന്നും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിയന്ത്രണങ്ങളിൽ നിന്നും കേരളത്തിലെ സഹകരണമേഖലയെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ നയപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ ടി വിഷയത്തിൽ ബഹു. സുപ്രീംകോടതിയിൽ ഭരണഘടനയുടെ 131 വകുപ്പ് പ്രകാരം സർക്കാർ ഒരു സ്യൂട്ട് ഫയൽ ചെയ്തിട്ടുണ്ട്. ഈ വിഷയം വിശദമായി പരിശോധിച്ച് വരികയാണ്.

**(ബി)** കർഷകർക്കായുള്ള പലിശരഹിത കാർഷിക വായ്പാ പദ്ധതി നിലവിൽ തുടരുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. നബാർഡിൽ നിന്നും കാർഷിക ആവശ്യങ്ങൾക്കായി 6% പലിശയ്ക്ക് നൽകുന്ന വായ്പയിൽ കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് നബാർഡിൽ നിന്നും 3% പലിശ ഇളവ് ലഭ്യമാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം 3% കൂടി പലിശ ഇളവ് ലഭിക്കുന്നു. ആയത് പ്രകാരം കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ ബാധ്യത വരുന്നില്ല.

**സെക്ഷൻ ഓഫീസർ**